# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം 1646 — 01/11/2019-ൽ മറുപടിയ്ക്ക്

### ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി വീട്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ഐ.ബി. സതീഷ് | | ശ്രീ.എ.സി.മൊയ്തീൻ<br>(തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) | |
| എ) | കരമന-കളിയിക്കാവിള റോഡ് വികസനത്തിന്റെ ഭാഗമായി കുടിയൊഴിപ്പിക്കപ്പെട്ട കുടുംബങ്ങൾക്ക് ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി വീട് വച്ച് നൽകുന്നത് സംബന്ധിച്ച നിർദ്ദേശത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; ആയതിന്റെ തുടർ നടപടികൾ വ്യക്തമാക്കാമോ? | എ) | കരമന - കളിയിക്കാവിള റോഡ് വികസനത്തിന്റെ ഭാഗമായി കുടിയൊഴിപ്പിക്കപ്പെട്ട കുടുംബങ്ങൾക്ക് ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി വീട് വെച്ച് നൽകുന്നത് സംബന്ധിച്ച 09.07.2019 - ലെ അഡ്വ.ഐ.ബി.സതീഷ് എം.എൽ.എ യുടെ കത്തിന്റെ അടിസ്ഥാനത്തിൽ, 05.08.2019 ലെ ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ ലൈഫ് മിഷൻ യോഗം ഇക്കാര്യം ചർച്ച ചെയ്യുകയും വികസന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട വരുന്ന പുനരധിവാസ പ്രവർത്തനങ്ങൾക്ക് ലൈഫ് മിഷനിൽ ഉൾപ്പെടുത്തി ഭവന നിർമ്മാണം സാധ്യമാക്കുന്നതിന് പ്രസ്തുത പദ്ധതിക്കായി വകയിരുത്തിയിട്ടുള്ള തുക ലൈഫ് മിഷന് കൈമാറണമെന്ന് തീരുമാനിക്കുകയും ചെയ്തു. ടി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ടി ഗുണഭോക്താക്കളെ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി ഭവന നിർമ്മാണ ധനസഹായം നൽകുന്നതിന് പ്രത്യേക അനുമതി നൽകുന്നതിനായി 06.09.2019 - ൽ ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ (എൽ.എം.8/2019/ലൈഫ്) തദ്ദേശ സ്വയം ഭരണ വകുപ്പിന് പ്രൊപ്പോസൽ സമർപ്പിച്ചി ട്ടുണ്ട്. ആയത് സർക്കാരിൽ പരിശോധിച്ച വരുന്നു.(ഫയൽ നം ഡിബി1/338/2019/തസ്വഭവ) |

സെക്ഷൻ ഓഫീസർ